# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2052 07.12.2015-ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു ; | (എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും, അവയുടെ ഭവിഷ്യത്തുകളെക്കുറിച്ചും, അവയ്ക്ക് ഇരയാകാതിരിക്കാനുള്ള മുൻകരുതലുകളെക്കുറിച്ചും, ഇരകളായാൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും വിദ്യാർത്ഥികളേയും, പൊതുജനങ്ങളേയും ബോധവൽക്കരിക്കുന്നതിലേക്കായി സൈബർ പോലീസ് സ്റ്റേഷൻ, ഹൈടെക് ക്രൈം എൻസക്വയറി സെൽ എന്നിവ മുഖാന്തിരം ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു. സ്കൂളുകൾ, കോളേജുകൾ, വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ, നാഷണൽ സർവ്വീസ് സ്കീം, ഐ.സി.ഡി.എസ്. പ്രോജക്ട്, റസിഡൻസ് അസോസിയേഷനുകൾ, ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങൾ എന്നിവയുമായി സഹകരിച്ചാണ് ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നത്. |
| (ബി) പെൺവാണിഭമടക്കമുള്ള കുറ്റകൃത്യങ്ങൾക്ക് വേണ്ടി സാമൂഹ്യ മാധ്യമങ്ങളെ ഉപയോഗിക്കുന്നതിനാൽ ഇവ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ? | (ബി) ഇന്റർനെറ്റ് കുറ്റകൃത്യങ്ങളെ സംബന്ധിച്ച് നിരീക്ഷണം നടത്തുന്നതിനായി ഒരു സൈബർ ഡോം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ